പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1656** 12.06.2019-ലെ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ സംയോജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ സംയോജനനടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേക്കായി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് സ.ഉ.(കൈ) നം.198/2016/തസ്വഭവ തീയതി. 27.12.2016 പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മീഷൻ തയ്യാറാക്കിയ സ്റ്റേറ്റ് സർവ്വീസിന്റെയും, സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് ചട്ടങ്ങളിന്മേൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുമുണ്ടായി. സർവ്വീസ് സംഘടനകൾ ഉന്നയിച്ച ആക്ഷേപങ്ങളുടെയും, നിർദ്ദേശങ്ങളുടെയും, അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചുവരുന്നു. അതിനു പുറമെ നഗരകാര്യ വകുപ്പും മുനിസിപ്പൽ കോമൺ സർവീസും ഏകോപിപ്പിക്കുന്നതിനു മുന്നോടിയായി മുനിസിപ്പൽ കോമൺ സർവീസ് |

| | | | |
|---|---|---|---|
| | | | ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി മാറ്റുന്നതിനുള്ള നിയമ നടപടികളുടെ ഭാഗമായി 2019-ലെ 23-ാം നമ്പർ ഓർഡിനൻസായി പ്രഖ്യാപിക്കുകയും ആയത് തുടർന്ന് 2019 മാർച്ച് 6-ന് 4904/ലെഗ്.സി1/2019/നിയമം നമ്പരായി ഒരു അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കരട് റൂൾസ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | www.principaldirectorate.lsgkerala.gov.in എന്ന വെബ്സൈറ്റിൽ കരട് സ്പെഷ്യൽ റൂൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | വിവിധ സംഘടനകൾ, വകുപ്പുകളിലെ ജീവനക്കാർ എന്നിവരുമായി ഇത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; | (സി) | കരട് ചട്ടങ്ങളിന്മേൽ 2018 നവംബർ 8, 9 തീയതികളിൽ വിവിധ സർവ്വീസ് സംഘടനകളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തുകയുണ്ടായി. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയ കരട് ചട്ടങ്ങളിന്മേൽ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയും ചർച്ചയിൽ ഉന്നയിച്ച ആക്ഷേപങ്ങളുടെയും, നിർദ്ദേശങ്ങളുടെയും, അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചു വരികയുമാണ്. |
| ഡി) | വകുപ്പ് സംയോജനം മൂലം സർക്കാരിനും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാകുന്ന നേട്ടങ്ങൾ വിശദീകരിക്കാമോ; | (ഡി) | വകുപ്പുതല എകോപനവും പദ്ധതി സംയോജനവും നിർവഹണവും മികച്ച രീതിയിൽ നടപ്പിലാക്കുവാൻ പൊതു സർവീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണ നിർവഹണ സഹായക |

സംവിധാനമായിരിക്കും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്. അതോടൊപ്പം കൂട്ടിയോജിപ്പിക്കപ്പെടുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പ്രൊമോഷൻ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും കഴിയുന്നത്ര അതാത് ജില്ലകളിൽ സൗകര്യപ്രദമായ രീതിയിൽ സ്ഥലംമാറ്റം നൽകി അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകരമാണ്.

(ഇ) പ്രസ്തുത സംയോജനം എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(ഇ) സംയോജനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൊതു സർവ്വീസ് നിലവിൽ വരുന്നതാണ്.

**സെക്ഷൻ ഓഫീസർ**